Mr. Speaker : No further point of orders.

ശ്രീ. ആർ. എസ്. ഉണ്ണി : സർ, ചെയറിന്റെ റൂളിംഗിനെ അടിസ്ഥാനപ്പെടുത്തി ഒരു പോയിന്റ് ഓഫ് ഓർഡർ. സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ സുപ്രധാനമായ നയപ്രഖ്യാപനം.....

Mr. Speaker : Let me first dispose that point of order. റൂൾ 205 ലെജിസ്ലേച്ചർ കമ്മിറ്റികളെക്കുറിച്ചുള്ള കാര്യമാണ്. 'It is not a Legislative Committee Report'. എന്തായാലും ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളെ സംബന്ധിച്ച് ചെയർ വിശദമായി പരിശോധിക്കാം. അതിനുശേഷം പിന്നീട് അറിയിക്കുന്നതാണ്.

(9) നെഴ്സിംഗ് വിദ്യാർത്ഥിനികളുടെ നിരാഹാരസത്യാഗ്രഹം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഹൃദയമുള്ള ഏതൊരാളേയും വേദനിപ്പിക്കുന്ന രംഗമാണ് സെക്രട്ടേറിയറ്റ് നടയിൽ കാണുന്നത്. 7 ദിവസമായി നിരാഹാരസമരം നടത്തിക്കൊണ്ടിരിക്കുന്ന നേഴ്സിംഗ് വിദ്യാർത്ഥി സംഘടനയുടെ രണ്ട് നേതാക്കൾ (പെൺകുട്ടികൾ) നിരാഹാരം നടത്തുന്ന സ്ഥലത്ത് മഴയിൽ നിന്ന് രക്ഷപ്പെടാൻവേണ്ടി അവിടെ കെട്ടിയിരുന്ന പന്തൽ ഇന്നലെ അർദ്ധരാത്രി 12 മണിക്ക് ശേഷം പോലീസുകാർ നശിപ്പിച്ചിരിക്കുകയാണ്. ഒരുതുള്ളി കണ്ണീരെങ്കിലും ശ്രീ. കരുണാകരന് ബാക്കിയുണ്ടെങ്കിൽ, അമ്മമാരോടും സഹോദരിമാരോടും കരുണയുണ്ടെങ്കിൽ ഇത് ചെയ്യാൻ അനുവദിക്കുമായിരുന്നില്ല. ഈ പരാക്രമം സ്ത്രീകളോടു വേണോ ? അതും അർദ്ധരാത്രി. അപ്പോൾ കൃഷ്ണൻനായരും, അവിടെയുണ്ടായിരുന്നു. ആ പന്തലാണ് നശിപ്പിച്ചത്. രാത്രിമുഴുവൻ അവർ മഴനനഞ്ഞു. പന്തൽ കെട്ടാനുള്ള സ്വാതന്ത്ര്യമെങ്കിലും, നിരാഹാരം കിടക്കാനുള്ള സ്വാതന്ത്ര്യമെങ്കിലും ഗാന്ധിശിഷ്യനായ ശ്രീ. കരുണാകരൻ അനുവദിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, പൊതുജനങ്ങൾക്കും ട്രാഫിക്കിനും ബുദ്ധിമുട്ടുണ്ടായതിനെ തുടർന്ന് സെക്രട്ടേറിയറ്റ് പടിക്കൽ പന്തൽകെട്ടി സമരം നടത്തുന്ന ഏർപ്പാട് പാടില്ല എന്നുപറഞ്ഞ് കുറേക്കാലമായി പന്തൽ കെട്ടാൻ അനുവദിക്കാറില്ല. കോർപ്പറേഷന്റെ അനുവാദമില്ലാതെ, ആരുടേയും അംഗീകാരമില്ലാതെ പന്തൽ കെട്ടുന്നത് നിയമവിരുദ്ധമായിട്ടുള്ള നടപടിയാണ്. സത്യാഗ്രഹപന്തൽ എന്ന നിലയിൽ പന്തൽകെട്ടി സത്യാഗ്രഹം നടത്തുന്നതിന് സൗകര്യം ഉണ്ടാക്കിക്കൊടുക്കാൻ പ്രയാസമാണ്, ഒരു കാരണവശാലും അത് അനുവദിക്കുകയില്ല.

ശ്രീ. ഇ. കെ. നായനാർ : പന്തൽ കെട്ടിയില്ല. അവർ മഴനനയുന്നത് തടയാനുള്ളതാണ്. ഞങ്ങളും പ്രതിപക്ഷനേതാക്കന്മാർ സമരം നടത്താൻ പോകുകയാണ്.

(ബഹളം)

(10) കടലാശ്ശേരിയിൽ നടന്ന കൊലപാതകം

ശ്രീ. കെ. പി. പ്രഭാകരൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ ചേർപ്പ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട കടലാശ്ശേരിൽ കഴിഞ്ഞ 25-ാം തീയതി അർദ്ധരാത്രിയിൽ ഏതാനും മുഖംമൂടികൾ ഒരു

LIBRARY ARCHIVES Kerala Legislative Assembly

വീട്ടിൽ പ്രവേശിച്ച് അവിടത്തെ ഗൃഹനായികയെ കുത്തിക്കൊലപ്പെടുത്തുകയും അവരുടെ മകളെ കഠാരികൊണ്ടു കുത്തുകയും, അവരുടെ കഴുത്തിൽ കിടന്ന മാലപൊട്ടിച്ച് കടന്നുകളയുകയും ചെയ്ത അതിദാരുണമായ ഒരു സംഭവം നടന്നു. രണ്ടുദിവസമായി, അതിനെസംബന്ധിച്ച് ഇതുവരെ ഒരു തുമ്പും ഉണ്ടായിട്ടില്ല. പിറ്റെദിവസം ഞാൻ സംഭവസ്ഥലത്ത് പോയപ്പോൾ അവിടെ പല പോലീസ് ഓഫീസർമാരും അന്വേഷണത്തിന് വന്നതായികണ്ടു. അവരുമായി സംസാരിച്ചപ്പോൾ ഇത് ഈ പ്രദേശത്തു തന്നെയുള്ളവർ ആരെങ്കിലും ചെയ്തതാകാനാണ് സാദ്ധ്യത, പ്രതികളെ ഉടനെ പിടിക്കുമെന്ന ഉറപ്പാണ് പറഞ്ഞത്. പൊതുവേ ആളുകൾക്കുള്ള ധാരണ അതായിരുന്നു. കാരണം ആ പരിസരം അറിയാവുന്ന, ഈ വീടിന്റെ ചുറ്റുപാട് അറിയാവുന്ന ആരോ ചെയ്തതുപോലെയാണ് സംഭവങ്ങളുടെ സ്ഥിതി. കൊലപാതകം നടക്കുന്ന സമയത്ത് രണ്ടു സ്ത്രീകൾ മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളു. തെക്കൂട്ടത്ത് സരോജിനിയമ്മ എന്ന മദ്ധ്യവയസ്കയായ സ്ത്രീയാണ് കുത്തേറ്റ് മരിച്ചത്, അവരുടെ മകന്റെ ഭാര്യ ഗർഭിണിയായ ഗിരിജയ്ക്ക് കുത്തേൽക്കുകയും അവരുടെ കഴുത്തിൽകിടന്ന ചെയിൻ നഷ്ടപ്പെടുകയും ചെയ്തു. ഗിരിജയുടെ ഭർത്താവ്, സരോജിനിയമ്മയുടെ മകൻ അളഗപ്പ ടെക്സ്റ്റൈൽസിലെ ഒരു തൊഴിലാളിയാണ്. രാത്രി ഷിഫ്റ്റ് ജോലി കഴിഞ്ഞിട്ട് പതിവായി 12.30-നു ശേഷമാണ് അദ്ദേഹം വീട്ടിൽ വരാറ്. ആ സമയം തിട്ടപ്പെടുത്തിക്കൊണ്ടാണ് 12 മണിക്ക് മുൻപ് 11.30 മണിക്കാണ് സംഭവം നടന്നത്. കുത്തേറ്റ ഗിരിജയുടെ നിലവിളികേട്ട് അയൽവക്കത്തുള്ള ആളുകൾ ഓടിവരുന്ന സമയത്ത് അക്രമികൾ ഓടി രക്ഷപ്പെട്ടു. ശശി ജോലികഴിഞ്ഞ് കമ്പനിയിൽ നിന്ന് വരുന്നതിനു മുൻപാണ് കൊലപാതകവും മോഷണവും നടന്നത്. അതിനുശേഷം പ്രതികൾ രക്ഷപ്പെടുകയാണ് ചെയ്തത്.

കേവലം മോഷണത്തിനുവേണ്ടി മാത്രം നടന്ന ഒരു കൊലപാതകം ആണോ എന്നുപോലും വിശ്വസിക്കാൻ പ്രയാസമാണ്. കാരണം ഗിരിജയുടെ കഴുത്തിൽ കിടന്ന രണ്ടരപ്പവന്റെ ചെയിനാണ് പൊട്ടിച്ചുകൊണ്ട് ഓടിയത്. അതേസമയം സരോജിനിയമ്മയുടെ അതിനേക്കാൾ വിലപിടിപ്പുള്ള സ്വർണ്ണമാല അവരുടെ വീട്ടിലുണ്ടായിരുന്നു. അവരുടെ കയ്യിൽ കിടന്ന വളകൾ ഊരിയെടുത്തിട്ടില്ല, എന്താണ് ഇതിന്റെ പിന്നിലുള്ളതെന്ന് വളരെ ദുരൂഹമാണ്. അവിടെ കൂടിയിരുന്ന ആയിരക്കണക്കിന് ആളുകൾ അങ്ങേയറ്റം പരിഭ്രാന്തരായിരിക്കുകയാണ്. ഇന്നലെ രാത്രി ഞാൻ പോരുന്നതിനു മുൻപും എന്തെങ്കിലും തുമ്പ് ഇതിനെപ്പറ്റി ഉണ്ടാക്കാൻ പോലീസിനു കഴിഞ്ഞോ എന്ന് അന്വേഷിച്ചു. പക്ഷേ യാതൊരു തുമ്പും കിട്ടിയിട്ടില്ല. ആ പ്രദേശമാകെ പരിഭ്രാന്തിയിൽ കഴിയുകയാണ്. തൃശ്ശൂർ ജില്ലയാണ് കൊലപാതകങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് എന്നാണ് കണക്കുകൾ പറയുന്നത്. ഇത് നിത്യേന വർദ്ധിക്കുന്നു. പോലീസിന്റെ ഈ നടപടിയെ സംബന്ധിച്ച് ; ഇതിനു കാര്യമായ അന്വേഷണം നടത്തുന്നുവെന്ന് ജനങ്ങൾക്ക് ബോദ്ധ്യമാകാനുള്ള ഒന്നും ഉണ്ടായിട്ടില്ല. എന്നാണ് വസ്തുത യെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം. കൊലപാതകികളെ പിടികൂടുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം എന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 25-ാം തീയതി 11.30-നാണ് സംഭവം നടന്നത്. അത് അളഗപ്പാ ടെക്സ്റ്റൈൽസിൽ ജോലിക്കാരനായ ശശിയുടെ വീടാണ്. അദ്ദേഹം ജോലിക്ക് പോയ സമയത്ത് പതിനൊന്നര മണിക്കാണ് സംഭവം

LIBRARY ARCHIVES Kerala Legislative Assembly

നടന്നത്. 20-25 വയസ്സിനു മദ്ധ്യേ പ്രായമുള്ള ചെറുപ്പക്കാരനാണ് ഈ കൊലപാതകം നടത്തിയിട്ടുള്ളത്. അവർ പാൻറാണ് ധരിച്ചിട്ടുള്ളത്. കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. അവർ കമ്പിമുറിച്ച് അകത്തുകടന്ന് രണ്ടു പേരേയും അമ്മയേയും മകളെയും വെട്ടി പരിക്കേല്പിച്ചു. ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴിക്ക് അമ്മ മരിച്ചു. ആ വിവരം അറിഞ്ഞ ഉടനെതന്നെ എസ്. പി. സ്ഥലത്തുചെന്ന് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പല സംശയങ്ങളുമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കേവലം സാമ്പത്തിക ലാഭത്തിനുവേണ്ടിയുള്ള കൊലപാതകമായിരുന്നില്ലയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇതുസംബന്ധിച്ച് ശരിയായനിലയിലുള്ള അന്വേഷണം നടത്തുന്നതാണ്. ക്രൈംബ്രാഞ്ചിന്റെ സ്പെഷ്യൽ സെല്ലിനെ തന്നെ അയച്ച് പ്രത്യേക അന്വേഷണം നടത്തുന്നതാണ്. മറ്റ് പല സ്ഥലങ്ങളിൽ നിന്നും കൂട്ടമായിട്ട് വന്ന് പല സ്ഥലങ്ങളിലും അക്രമങ്ങൾ നടത്തുന്നുണ്ട്. റിപ്പോർട്ട് കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ ഇത് ഗൗരവമായി എടുത്ത് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

IV A. 27-11-1986-ൽ ശ്രീ. നാലകത്ത് സൂപ്പിയുടെ ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പെരിന്തൽമണ്ണ ടൗണിലും പരിസരപ്രദേശങ്ങളിലും കടുത്ത ജലക്ഷാമം അനുഭവിക്കുന്നുണ്ട്. കൂടുതൽ കുഴൽക്കിണറുകളും കുഴിപ്പിക്കാനും കാട്ടുപ്പായിലെ ശുദ്ധജലവിതരണ പദ്ധതി വിപുലീകരിക്കാനും നിർദ്ദേശം നൽകണമെന്നാണ്, ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടിരിക്കുന്നത്. പെരിന്തൽമണ്ണയിലെ ജലവിതരണ പദ്ധതി തുടങ്ങിയിട്ട് 12 വർഷങ്ങളായി. ഇക്കഴിഞ്ഞ വരൾച്ചക്കാലത്ത് കുറെ പൈപ്പുകളുംനീട്ടി, കുറെപ്രദേശത്തുകൂടി വ്യാപിപ്പിക്കുകയുണ്ടായി. പക്ഷേ അവിടെയെല്ലാം വെള്ളം കൊടുക്കാനുള്ള ശേഷി ഇന്ന് ഈ ജലവിതരണ പദ്ധതിക്കില്ല. കാട്ടുപ്പാറയിലെ പമ്പ് ഹൗസിൽ ഒരു പമ്പുകൂടി സ്ഥാപിക്കാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ആകെ മൂന്ന് പമ്പാണ് അവിടെയുള്ളത്. അതിലൊന്ന് സ്റ്റാൻഡ്ബൈ പമ്പാണ്. രണ്ടാമത്തെ പമ്പിന് കേടുവന്നു, അത് നന്നാക്കി. അതുകൂടാതെ 100 ഹോഴ്സ്പവറുള്ള ഒരു പമ്പുകൂടി സ്ഥാപിക്കുമ്പോൾ കൂടുതൽ സ്ഥലത്ത് വെള്ളം കൊടുക്കാൻ സാധിക്കും അതിന് ശേഷിയുണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കുകയാണ്. അതുപോലെ തന്നെ പെരിന്തൽമണ്ണയിലും പരിസരപ്രദേശങ്ങളിലും ഹരിജൻ കോളനികളിൽ കുഴൽക്കിണർ കുഴിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പുറമേ പദ്ധതിയുടെ ഉറവിടം വികസിപ്പിക്കാനുള്ള നടപടികളും കൈക്കൊള്ളുന്നതാണ്. ആ നടപടികളുടെയെല്ലാം ഫലമായി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിരിക്കുന്ന പല കാര്യങ്ങൾക്കും നിവൃത്തിയുണ്ടാകുമെന്ന് കണക്കാക്കുകയാണ്.

ശ്രീ. നാലകത്ത് സൂപ്പി: സർ, കോപ്രഹെൻസീവ് വാട്ടർസപ്ലൈ സ്കീം എന്നുപറഞ്ഞ് വലിയ, ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ആ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം തുടങ്ങാൻവേണ്ടിയുള്ള നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. എം. മാണി: അത് പരിഗണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly